പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1076. 10.06.2019 ൽ മറുപടിയ്ക്ക്

## നൈപുണി കേന്ദ്രങ്ങൾ

*ചോദ്യം*
ശ്രീമതി.പി. അയിഷാ പോറ്റി :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന നൈപുണി കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിന്റെ ജനസംഖ്യാപരമായ സവിശേഷതകൾ വിലയിരുത്തി പ്രത്യേകമായ കഴിവുകൾക്കനുസരിച്ചുള്ള മാതൃകകൾ സ്വീകരിക്കുകയും, വാണിജ്യകേന്ദ്രങ്ങളുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുക, പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും, നടപ്പിലാക്കുകയും ചെയ്യുക, തൊഴിൽ ലഭ്യമാക്കുക എന്നിവയാണ് നൈപുണ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം. |
| (ബി) എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ആലോചിക്കുന്നതെന്ന വിശദമാക്കുമോ; | (ബി) ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE ന്റെ അംഗീകാരം (Accreditation) ലഭ്യമാക്കുന്നതോടൊപ്പം മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറക്ക് അവ പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ കരിയർ നൈപുണ്യ വികസന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>എംപ്ലോയബിലിറ്റി സെന്റർ</u>**<br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 |

| | | |
|---|---|---|
| | | സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം , ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം ,കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>**കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)**<br><br>ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സികൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>**മോഡൽ കരിയർ സെന്റർ**<br><br>സ്വകാര്യമേഖലയിലെ തൊഴിലവസര ങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽദായകരുമായി ചേർന്ന് ഉദ്യോഗദായ |

| | | |
|---|---|---|
| | | കർക്കും ഉദ്യോഗാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്നവിധത്തിൽ കൃത്യമായ ആസൂത്രണത്തോട്ടു കൂടി മോഡൽ കരിയർ സെന്റർ, ജോബ് ഫെയർ /പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നുണ്ട്.<br><br>**<u>നിയുക്തി മെഗാ ജോബ് ഫെയർ</u>**<br><br>സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ